# റബ്ബർ ബോർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.155, കളക്ട്രേറ്റ് പി.ഓ, കോട്ടയം -686002

**RBECS:166/2024-25** **<u>സർക്കുലർ</u>** **18.02.2025**

മാന്യ സഹകാരികളെ,

കേരള സഹകരണ വകുപ്പ് ജില്ല ജോയിൻറ് ഡയറക്ടർ (ആഡിറ്റ്)ടെ നിർദേശ പ്രകാരം വായ്പകൾ അനുവദിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ 12.02.2025 തീയതിയിൽ കൂടിയ ഭരണ സമിതി യോഗത്തിൽ തീരുമാനിച്ച വിവരം ബഹുമാന്യരായ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു:

## 1 <u>വായ്പ അപേക്ഷകൾ</u>

മാസത്തിൽ രണ്ടു തവണ കൂടുന്ന കമ്മറ്റിയ്ക്ക് മുൻപാകെ ലഭിക്കുന്ന അപേക്ഷകൾ കമ്മറ്റിയിൽ പാസ്സാക്കിയതിന് ശേഷം മാത്രമേ വായ്പകൾ അനുവദിക്കുകയുള്ളൂ. വായ്പ അപേക്ഷ പൂർണമായും പൂരിപ്പിക്കേണ്ടതാണ്. അപേക്ഷകൻ്റെ മൊബൈൽ നമ്പർ ,ആധാർ നമ്പർ(OWN FUND LOAN) , ബാങ്ക് അക്കൗണ്ട് വിവരങ്ങൾ , സാലറി സ്ലിപ് എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. വായ്പ അപേക്ഷകർക്കും , ജാമ്യക്കാർക്കും മതിയായ നെറ്റ് സാലറി ഉണ്ടെങ്കിൽ മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ. ഒരു വായ്പ അനുവദിച്ചതിന് ശേഷം 6 മാസം കഴിഞ്ഞ് മാത്രമേ അതേ രീതിയിലുള്ള അടുത്ത വായ്പ അനുവദിക്കുകയുള്ളൂ.എന്നാൽ എമർജൻസി, ത്രിഫ്റ്റ്, ഫെസ്റ്റിവൽ എന്നീ വായ്പകൾ അനുവദിക്കുന്നതിനുള്ള കാലാവധി 3 മാസമായിരിക്കും. സർവീസിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക് 6 മാസം മുൻപ് വരെ മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ .

## 2 . <u>ഓഹരി അനുപാതം</u>

ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാറുടെ 37/2013 സർക്കുലർ പ്രകാരം എല്ലാ വായ്പ്പകൾക്കും (ത്രിഫ്റ്റ് ,ഡെപ്പോസിറ്റ് വായ്പ ഒഴികെ) ഓഹരി അനുപാതം 2 % ബാധകമായിരിക്കും .

## 3 . <u>ഡയറി,കലണ്ടർ,ഗിഫ്റ്റ്, ഡിവിഡൻറ്</u>

ഈ വർഷത്തെ ഡയറി,കലണ്ടർ,ഗിഫ്റ്റ്,ഡിവിഡൻറ് എന്നിവ വാങ്ങാത്ത അംഗങ്ങൾ എത്രയും വേഗം ആയത് കൈപ്പറ്റേണ്ടതാണ് .കഴിഞ്ഞ വർഷത്തെ ഗിഫ്റ്റായ കിറ്റെക്സ് ബെഡ് ഷീറ്റുകളുടെ പരിമിത സ്റ്റോക്ക് സംഘത്തിൽ നിലവിലുണ്ട്.ആവശ്യമുള്ള അംഗങ്ങൾക്ക് RS.800/-അടച്ച് വാങ്ങാവുന്നതാണ് .

## 4.<u>Monthly Savings Scheme (MSS) പ്രതിമാസ സമ്പാദ്യ പദ്ധതി</u>

സംഘത്തിൽ നിലവിലുള്ള ജിഡിസിഎസ്സിന് പകരമായി സഹകരണ വകുപ്പ് ആവിഷ്കരിച്ച എം എസ് എസ്(പ്രതിമാസ സമ്പാദ്യ പദ്ധതി)ൻ്റെ വിവരങ്ങൾ പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് അംഗങ്ങളെ അറിയിക്കുന്നതാണ്

## 5.<u>എസ് ബി അക്കൗണ്ട്</u>

ടീം ആഡിറ്റിൽ സ്ഥിര നിക്ഷേപങ്ങളുടെ പലിശ അംഗങ്ങളുടെ SB അക്കൗണ്ടിൽ വരവ് ചെയ്യണമെന്നുള്ള പരാമർശമുള്ളതിനാൽ സ്ഥിര നിക്ഷേപമുള്ള അംഗങ്ങൾ എസ്ബി അക്കൗണ്ട് ആരംഭിക്കണമെന്ന് അറിയിക്കുന്നു. സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ അംഗങ്ങൾ അപേക്ഷ ഫോമിനോടൊപ്പം കെ.വൈ.സി ഫോം, 2 പാസ്സ്പോർട്ട് സൈസ് ഫോട്ടോ,പാൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ കോപ്പിയും പൂരിപ്പിച്ച് നൽകേണ്ടതാണ്. 4% മാണ് നിലവിലെ സേവിങ്സ് ബാങ്ക് അക്കൗണ്ടിൻ്റെ പലിശ നിരക്ക്. അംഗങ്ങൾക്ക് 500/- രൂപ മിനിമം ബാലൻസ് അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. മാക്സിമം തുകയ്ക്ക് പരിധി ഉണ്ടായിരിക്കുന്നതല്ല.

### 6.റെക്കറിംഗ് ഡെപോസിറ്റ് /ത്രിഫ്റ്റ് ഡെപോസിറ്റ്

റെക്കറിംഗ് ഡെപോസിറ്റ് / ത്രിഫ്റ്റ് ഡെപോസിറ്റ് എന്നിവയ്ക്ക് **6.50%** നിരക്കിൽ പലിശ നൽകിവരുന്നു .അംഗങ്ങൾക്ക് ചേരാവുന്ന റെക്കറിംഗ് ഡെപോസിറ്റ് .ത്രിഫ്റ്റ് ഡെപോസിറ്റ് ഇവയുടെ തുക പരമാവധി 10,000/- രൂപ വരെയായി പരിമിതപ്പെടുത്തിയിരിക്കുന്നു. റെക്കറിംഗ് ഡെപ്പോസിറ്റ് തുടങ്ങുന്ന അംഗങ്ങൾ അതിന്റെ ആദ്യ തവണ സംഘത്തിൽ നേരിട്ടോ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടിലോ അടയ്ക്കാവുന്നതാണ്

### 7. സ്ഥിരനിക്ഷേപം

സ്ഥിരനിക്ഷേപത്തിനുള്ള പലിശ താഴെപ്പറയുന്ന നിരക്കിൽ ലഭിക്കുന്നതാണ്.

| | |
|---|---|
| 15 ദിവസം മുതൽ 45 ദിവസം വരെ | 6.00 % |
| 46 ദിവസം മുതൽ 90 ദിവസം വരെ | 6.50 % |
| 91 ദിവസം മുതൽ 179 ദിവസം വരെ | 7.25 % |
| 180 ദിവസം മുതൽ 364 ദിവസം വരെ | 7.50 % |
| 1 വർഷം | 8.25 % |

### 8. പുതിയതായി ആരംഭിച്ച വായ്പകൾ

സംഘത്തിൽ പുതിയതായി മംഗല്യ ,ഫെസ്റ്റിവൽ എന്നീ വായ്പകൾ ആരംഭിച്ചിട്ടുള്ള വിവരം അംഗങ്ങളെ അറിയിക്കുന്നു .

**മംഗല്യ വായ്പ :** മംഗല്യ വായ്പയുടെ പരിധിയിൽ അപേക്ഷകൻ, അപേക്ഷകന്റെ മക്കൾ ,സഹോദരങ്ങൾ എന്നിവർ ഉൾപ്പെടും. ടി വായ്പ്പയുടെ പരമാവധി തുക **3,00,000/** രൂപ ,**60** മാസ തവണകളിൽ **9 %** പലിശ നിരക്കിൽ ഒരംഗത്തിന്റെ ജാമ്യവ്യവസ്ഥയിൽ അനുവദിക്കുന്നു .അപേക്ഷയോടൊപ്പം സാലറി സ്ലിപ്പ് ,ഭരണ സമിതി അംഗത്തിന്റെ ശുപാർശ, കല്യാണക്കുറി എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്.വിവാഹ ശേഷം മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. .അപേക്ഷയിൽ കടത്തിന്റെ ആവശ്യം വിവാഹാവശ്യം എന്ന്എഴുതുക.

**ഫെസ്റ്റിവൽ വായ്പ :**

ഓണം, ക്രിസ്മസ്, റംസാൻ തുടങ്ങിയ ഉത്സവങ്ങളോട് അനുബന്ധിച്ചുള്ള മാസങ്ങളിൽ ഫെസ്റ്റിവൽ വായ്പ അനുവദിക്കുന്നതാണ്.വായ്പ്പയുടെ പരമാവധി തുക **1,00,000/-** രൂപ ,**36** മാസ തവണകളിൽ **9%** പലിശ നിരക്കിൽ ലഭിക്കും.അപേക്ഷയിൽ കടത്തിന്റെ ആവശ്യം ഫെസ്റ്റിവലിന്റെ പേര് എഴുതുക .

### 9. വായ്പ്പകളുടെ വിശദ വിവരങ്ങൾ

വായ്പയുടെ പരമാവധി തുക , തവണ വ്യവസ്ഥ, പലിശ നിരക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വായ്പകൾ | പരമാവധി തുക | തവണ | പലിശനിരക്ക്(%) |
|---|---|---|---|---|
| 1 | ത്രിഫ്റ്റ് വായ്പ | 80% of the Thrift Depost | 36 | 8.50 |
| 2 | സോളാർ വായ്പ | 300000 | 60 | 8.50 |
| 3 | മംഗല്യ വായ്പ | 300000 | 60 | 9.00 |
| 4 | ഫെസ്റ്റിവൽ വായ്പ | 100000 | 36 | 9.00 |
| 5 | വിദ്യാഭ്യാസ വായ്പ | 200000 | 60 | 10.00 |
| 6 | ഹയർ പർചെയ്സ് വായ്പ | 150000 | 60 | 10.50 |
| 7 | എമർജൻസി വായ്പ | 200000 | 60 | 12.00 |
| 8 | സ്വന്തം ഫണ്ട് വായ്പ | 1500000 | 120 | 10.50 |
| 9 | സ്ഥിര നിക്ഷേപ വായ്പ | 90% of the Fixed Deposit | - | **2% additional** |

**10. ഹയർ പർചേസ്  വായ്പ**

**12.02.2025 മുതൽ ഹയർ പർചേസ്  വായ്പയുടെ പലിശ നിരക്ക് 12 % ൽ നിന്നും 10.50 % ആക്കി കുറച്ചിരിക്കുന്നു.**

**ബാങ്ക് അക്കൗണ്ട് നമ്പർ**

**1 .SBI, കോട്ടയം സിവിൽ സ്റ്റേഷൻ ബ്രാഞ്ച്  A/C NO :67005990629 ,IFSC :SBIN 0070101**

**2. CBI, റബർ ബോർഡ് കീഴുക്കുന്ന്  ബ്രാഞ്ച്  A/C NO :1559500012, IFSC :CBIN 0284150**

RTGS / NEFT / GPAY  **വഴി ഇടപാടുകൾ നടത്തുന്ന അംഗങ്ങൾ അവരുടെ പേര് ,തുകയുടെ വിവരങ്ങൾ യഥാസമയം സംഘത്തിൽ അറിയിക്കേണ്ടതാണ് .**

ഭരണസമിതിക്കുവേണ്ടി,

(

**ഒപ്പ്**

**സെക്രട്ടറി ഇൻ ചാർജ്**